## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 610 | 08/08/2017-ൽ മറുപടിക്ക്

## വൈദ്യുത ബോർഡിന്റെ കസ്റ്റമർ കെയർ സെന്റർ

| | ചോദ്യം<br><br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു കസ്റ്റമർ കെയർ സെന്റർ ആരംഭിക്കണമെന്ന നിവേദനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു കസ്റ്റമർ കെയർ സെന്റർ ആരംഭിക്കണമെന്ന നിവേദനം ബോർഡ് പരിശോധിച്ചിരുന്നു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിനായി പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സൗകര്യപ്രദമായ സ്ഥലത്ത് ജില്ലാതലത്തിൽ കസ്റ്റമർ കെയർ സെന്ററുകൾ തുടങ്ങുന്നതിനുള്ള സാധ്യത ബോർഡ് പരിശോധിച്ചു വരികയാണ്. പ്രാരംഭഘട്ടത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ടി സെന്ററുകൾ തുടങ്ങണമെന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല. |
| (ബി) | നിലവിൽ വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി), (സി) & (ഡി) | സംസ്ഥാനത്ത് പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സംസ്ഥാനത്ത് ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. ഇതിനാൽ തന്നെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള |
| (സി) | ഇത് സംബന്ധിച്ച് മഞ്ചേരി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | | |
| (ഡി) | ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുമോ; പുതിയ സെക്ഷൻ | | |

| | | | |
|---|---|---|---|
| | ഓഫീസുകൾ ആരംഭിക്കുന്നതിനായി തയ്യാറാക്കുന്ന ലിസ്റ്റിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | | ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചു വരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ